PROCEEDINGS OF THE TRAVANCORE-COCHIN LEGISLATIVE ASSEMBLY

First Session—1956

Friday, the 9th March 1956

Vol. XV] OFFICIAL REPORT [No. 7

The Assembly met in the Assembly Chamber, Trivandrum, at Eight of the Clock on Friday, the 9th March 1956, with Mr. Speaker in the Chair.

QUESTIONS AND ANSWERS.

(The number within brackets indicates the number in the list of admitted questions for the day.)

ORAL ANSWERS.

വാട്ടർ സപ്ലൈ സ്കീം.

* 130. [1] ശ്രീ. ഒ. ഒ. ബാലകൃഷ്ണൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തുവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഗവണ്മെൻറിന്റെ വാട്ടർസപ്ലൈ സ്കീം അനുസരിച്ച് ഏതെല്ലാം പട്ടണങ്ങളിലാണ് പ്രവർത്തികൾ ആരംഭിച്ചിട്ടുള്ളത്;

(ബി) തൃശ്ശൂർ വാട്ടർ വർക്സിനുവേണ്ടി ആകെ എന്തു തുകയാണ് ചെലവാക്കുവാൻ തീർച്ചപ്പെടുത്തിയിരിക്കുന്നത്;

(സി) ഈ പണി എത്ര വർഷത്തിനുള്ളിൽ പൂർത്തിയാക്കുവാൻ സാധിക്കും;

(ഡി) വാട്ടർവർക്സ് സൂപ്രണ്ടിംഗ് എഞ്ചിനിയറാഫിസ് തൃശ്ശൂക്ക് മാറ്റുവാൻ ഗവണ്മെൻറ് ഉത്തരവായിട്ടുണ്ടോ;

(ഇ) ഉണ്ടെങ്കിൽ എന്നു?

മരാമത്തുവകുപ്പുമന്ത്രി (ശ്രീ. കെ. ഐ. വേലായുധൻ):

(എ) തൃശ്ശൂർ, എറണാകുളം, മട്ടാഞ്ചേരി, കോട്ടയം, കൊല്ലം.

(ബി) 59 ലക്ഷം രൂപ.

(സി) അതിനാവശ്യമുള്ള പൈപ്പുകൾ തുടങ്ങിയ സാമഗ്രികൾ കിട്ടുകയാണെങ്കിൽ 3 കൊല്ലംകൊണ്ട് പൂർത്തിയാക്കാമെന്നു പ്രതീക്ഷിക്കുന്നു.

LIBRARY ARCHIVES Kerala Legislative Assembly

(ഡി) ഉണ്ട്.

(ഈ) 14-6-1955-ൽ.

ശ്രീ. കെ. കെ. ബാലകൃഷ്ണൻ : കഴിഞ്ഞവർഷം തൃശ്ശൂർ വാട്ടർ സപ്ലൈക്കായി 26 ലക്ഷം രൂപ നീക്കിവച്ചിട്ടുണ്ടായിരുന്നതിൽ എന്തെങ്കിലും ആ പണിക്കുവേണ്ടി ചെലവാക്കിയിട്ടുണ്ടോ ?

ശ്രീ. കെ. ഐ. വേലായുധൻ : ചെലവായിട്ടുണ്ട്. അതിലേക്കാവശ്യമായ പൈപ്പുകളും മറ്റു സാമഗ്രികളും ലഭിക്കുന്നതിനു വിഷമം നേരിട്ടതുകൊണ്ട് പ്രവർത്തനത്തിൽ കുറച്ചു മാന്ദ്യം നേരിട്ടിരിക്കുകയാണ്.

ശ്രീ. കെ. കെ. ബാലകൃഷ്ണൻ : അതിലേക്കാവശ്യമുള്ള പൈപ്പുകൾക്ക് ഓർഡർ കൊടുത്തിട്ടുണ്ടോ ?

ശ്രീ. കെ. ഐ. വേലായുധൻ : അതിലേക്കാവശ്യമായ പൈപ്പുകൾ ലഭിക്കുന്നതിനും മറ്റു ടെക്നിക്കലായിട്ടും ചില വിഷമങ്ങൾ നേരിട്ടതുകൊണ്ടും ഇവിടെന്നും ഏതാനും ഉദ്യോഗസ്ഥന്മാർ കൽക്കട്ടായിൽപോയി അതിനുവേണ്ട നടപടികൾ നടത്തിയിട്ടുണ്ട്.

ശ്രീ. കെ. കെ. ബാലകൃഷ്ണൻ : വാട്ടർസപ്ലൈ നടപ്പിൽ വരാത്തതുകൊണ്ട് ഈ പട്ടണവാസികൾ വളരെ കഷ്ടം അനുഭവിക്കുന്നുണ്ടെന്നുള്ളതു ഗവണ്മെൻറിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ?

ശ്രീ. കെ. ഐ. വേലായുധൻ : ഗവണ്മെൻറിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

ശ്രീ. പി. എസ്സ്. നടരാജപിള്ള : ഇതിന്റെ ഡിറ്റെയിൽഡ് എസ്റ്റിമേറ്റ് തയാറാക്കിയിട്ടുണ്ടോ ?

ശ്രീ. കെ. ഐ. വേലായുധൻ : ഉണ്ട്.

ശ്രീ. കെ. കെ. ബാലകൃഷ്ണൻ : വാട്ടർവർക്സ് സൂപ്രണ്ടിംഗ് ഇൻജിനീയർ ആഫീസ് തൃശ്ശൂർക്കുമാറ്റുവാൻ ഗവണ്മെൻറ് ഓർഡർ പാസ്സാക്കിയിട്ട് അതു മാറ്റാതെയിരിക്കുവാനുള്ള കാരണമെന്താണെന്നു പറയുമോ ?

MR. SPEAKER : You may put a separate question and get the answer.

ശ്രീ. കെ. ഐ. വേലായുധൻ : അതു മാറ്റുവാൻ ഗവണ്മെൻറ് 14-6-55-ൽ ഓർഡർ പാസ്സാക്കിയിട്ടുള്ളതാണ്. പക്ഷേ, ആ ഡിപ്പാർട്ടുമെൻറ് പബ്ലിക്ക്ഹെൽത്ത് ഡിപ്പാർട്ടുമെൻറിലേക്കു മാറ്റുന്നതിനുള്ള ചർച്ച അപ്പോഴേക്കും തുടങ്ങിയതുകൊണ്ട് തൽക്കാലം നിറുത്തിവയ്ക്കുകയാണുണ്ടായതു്.

ശ്രീ. കെ. എസ്സ്. കൃഷ്ണശാസ്ത്രി : കേന്ദ്ര ഗവൈൺമെൻറ് ഇലക്ട്രിക്കു കമ്പനിയിൽ അതിലേക്കാവശ്യമായ പൈപ്പുകൾ നിർമ്മിക്കുന്നതിനു സാധിക്കുകയില്ലേ ?

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. കെ. ഐ. വേലായുധൻ : സാദ്ധ്യതയുണ്ടോ ഇല്ലയോ എന്നുള്ളതു് ആലോചിക്കാവുന്നതാണു്. ഇപ്പോൾ നമുക്കാവശ്യമുള്ള പൈപ്പുകൾ ഇവിടെ കിട്ടാൻ സാദ്ധ്യമില്ല.

ശ്രീ. പ്രാക്കുളം ഭാസി : കൊല്ലം ടൗണിൽ ആരംഭിക്കുവാനുദ്ദേശിക്കുന്ന വാർട്ടർസപ്ലൈ ഗവണ്മെൻറിൽ നിന്നും നടത്തുവാനാണോ ഉദ്ദേശിക്കുന്നതു് ?

ശ്രീ. കെ. ഐ. വേലായുധൻ : ഗവണ്മെൻറിൽ നിന്നുമാണു്.

ശ്രീ. പ്രാക്കുളം ഭാസി : കൊല്ലം ടൗണിലെ വാട്ടർസപ്ലൈ ഇൻറോനാർവീജിയൻ പദ്ധതിയുമായി യോജിച്ചാണോ നടത്തുന്നുദ്ദേശിക്കുന്നതു് ?

ശ്രീ. കെ. ഐ. വേലായുധൻ: അവരും സഹായിക്കാമെന്നു് പറഞ്ഞിട്ടുണ്ടു്.

ശ്രീ. പ്രാക്കുളം ഭാസി: അതിലേയ്ക്കു് അവരുമായി എന്തെങ്കിലും എഗ്രിമെൻറ് ഉണ്ടായിട്ടുണ്ടോ?

ശ്രീ. കെ. ഐ. വേലായുധൻ: അവരുടെ സഹായവും നൽകാം എന്നു പറഞ്ഞിട്ടുണ്ടു്.

ശ്രീ. പ്രാക്കുളം ഭാസി: ഇതിൻറെ പണി എന്നത്തേക്കു ആരംഭിക്കുമെന്നു പറയുമോ?

ശ്രീ കെ. ഐ. വേലായുധൻ: പണി ആരംഭിച്ചു കഴിഞ്ഞിട്ടുണ്ടു്.

ശ്രീ. പ്രാക്കുളം ഭാസി : കൊല്ലം വാട്ടർസപ്ലൈ സ്കീമിൻറെ എസ്റ്റിമേറ്റ് തയാറായിട്ടുണ്ടോ?

ശ്രീ. കെ. ഐ. വേലായുധൻ : അതിൻറെ എസ്റ്റിമേറ്റ് തയാറായിരിക്കുകയാണു്.

ശ്രീ. പ്രാക്കുളംഭാസി: അതു് എന്നത്തേക്കു് തീരണമെന്നാണു ഉദ്ദേശിച്ചിട്ടുള്ളതു് ?

ശ്രീ. കെ. ഐ. വേലായുധൻ : മേജർ വാട്ടർസപ്ലൈ സ്കീം പൂർത്തിയാക്കുന്നതിനു് വളരെ ഡിഫിക്കൽറ്റീസുണ്ടു്. എങ്കിലും കൊല്ലം കൊണ്ടുമാത്രമെ ചിലപ്പോൾ അതു പൂർത്തിയാക്കാൻ സാധിക്കയുള്ളൂ. എന്നിരുന്നാൽതന്നെയും ഇതു് എത്രയുംവേഗം പൂർത്തിയാക്കാൻ പരിശ്രമിക്കുന്നതാണു്.

ശ്രീ. കെ. കരുണാകരൻ: ഇപ്പോൾ വാട്ടർസപ്ലൈ സ്കീമിൻറെ ഡിസൈൻ സംബന്ധിച്ചു വല്ല മാറ്റങ്ങളും ഉണ്ടായിട്ടുണ്ടോ?

ശ്രീ. കെ. ഐ. വേലായുധൻ: ഉണ്ടായിട്ടുണ്ടു്.

ശ്രീ. കെ. കരുണാകരൻ: അതിൻറെ തീരുമാനമായോ?

ശ്രീ. കെ. ഐ. വേലായുധൻ: തീരുമാനമായി.

ശ്രീ. കെ. കരുണാകരൻ : അതിനുള്ള സാമഗ്രികളുടെ സംബന്ധിച്ചുള്ള തീരുമാനമായോ?

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. കെ. ഐ. വേലായുധൻ : അതുരണ്ടും ഇപ്പോൾ തീരുമാനിച്ചുകഴിഞ്ഞിരിക്കുകയാണ്.

ശ്രീ. പി. എസ്. നടരാജപിള്ള: അതിന്റെ ഡിറ്റെയിൽഡ് എസ്റ്റിമേറ്റ് തയാറായിട്ടുണ്ടോ?

ശ്രീ. കെ. ഐ. വേലായുധൻ: ഉണ്ട്.

ശ്രീ. പി. എസ്. നടരാജപിള്ള : എത്ര രൂപയിലുള്ള പൈപ്പ് വേണമെന്ന കാണാതെയുണ്ടോ എസ്റ്റിമേറ്റ് തയാറാക്കിയത്?

ശ്രീ. കെ. ഐ. വേലായുധൻ : അന്വേഷിച്ചുമാതിരി പൈപ്പുകൾ അവെയ്ലബിൾ ആയിരിക്കുമെന്നുവിചാരിച്ചു എസ്റ്റിമേറ്റ് തയാറാക്കി. എന്നാൽ അതുലഭിക്കാത്തതുകൊണ്ട് അതിലേയ്ക്കുവേണ്ടി ഉദ്യോഗസ്ഥന്മാർ വടക്കെഇൻഡ്യയിലും മറ്റും പോയി ശ്രമിക്കുകയാണ്. അതു ലഭിക്കാത്തപക്ഷം സബ്സ്റ്റിട്യൂട്ട് ചെയ്യുന്നതിനും ശ്രമിക്കുന്നുണ്ട്.

ശ്രീ. പി. എസ്. നടരാജപിള്ള : ഡിസൈൻ ഫിക്സ് ചെയ്യുന്നതിനുമുമ്പ് ഡിറ്റെയിൽഡ് എസ്റ്റിമേറ്റ് പ്രിപ്പയർ ചെയ്യുന്നതെങ്ങനെയാണ്?

ശ്രീ. കെ. ഐ. വേലായുധൻ: ഡിറ്റെയിൽഡ് എസ്റ്റിമേറ്റ് തയാറാക്കിയിരുന്നത് അന്ന് ദേവസ്വംബോർഡുവക സ്ഥലമായിരുന്നു. എന്നാൽ അതിനു ചില തർക്കങ്ങൾ ഉണ്ടായതുകൊണ്ട് പിന്നീട് അതു മാറ്റേണ്ടതായി വന്നിട്ടുള്ളതാണ്.

ശ്രീ. പി. എസ്. നടരാജപിള്ള: ഇന്നിരിക്കുന്ന നിലയ്ക്കു എസ്റ്റിമേറ്റ് സ്പെസിഫിക്കേഷനിൽ മാറ്റം വരുത്തേണ്ടതായി വരികയില്ലേ?

ശ്രീ. കെ. ഐ. വേലായുധൻ : ആദ്യത്തേതിൽനിന്നും സ്വല്പം മാറ്റം വരുത്തേണ്ടതായിവന്നു.

ശ്രീ. പി. ഗോപാലൻ : ഗ്രാമപ്രദേശങ്ങളിൽ ശുദ്ധജലം ലഭിക്കുന്നതിനു വല്ല പദ്ധതികളുമുണ്ടോ?

ശ്രീ. കെ. ഐ. വേലായുധൻ: അതിനുള്ള പദ്ധതികൾ രണ്ടും പഞ്ചവൽസരപദ്ധതിയിലുണ്ട്.

Irrigation Works and Village Roads.

* 131. [2] SHRI N. Chandrasekharan Nair: Will the Minister for Local Self Government be pleased to state the amount spent by the Panchayat Department on minor irrigation works and village roads during the financial year 1955-56 in (a) the whole State; (b) the Trivandrum District; (c) the Nedumangad Taluk?

Minister for Local Self Government (SHRI K. KOCHUKUTTAN): The amount spent by the Panchayat Department during the financial year 1955-56 :

LIBRARY ARCHIVES Kerala Legislative Assembly